കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തഴക്കര ഗ്രാമപഞ്ചായത്ത് - പട്ടികജാതി വിഭാഗത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നത് - പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 28/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 05.01.2019

പരാമർശം :- 1. തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.07.2018-ലെ കത്ത് .
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/11/2018-ലെ 4.34 നമ്പർ തീരുമാനം .

ഉത്തരവ്

തഴക്കര ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു.തഴക്കര ഗ്രാമപഞ്ചായത്ത് പ്രദേശം തീരദേശമായതിനാൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പദ്ധതിക്ക് പരാമർശം( 2) ന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തഴക്കര ഗ്രാമപഞ്ചായത്ത്,ആലപ്പുഴ .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്